"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ. മണികണ്ഠൻ. എ.വി., അസിസ്റ്റന്റ് ഡയറക്ടർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A. (EKM) 1198/2023-ന്മേൽ ബഹു. ട്രിബ്യൂണലിന്റെ 14.07.2023-ലെ വിധിന്യായം - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2979/2023/H&FWD തീയതി,തിരുവനന്തപുരം, 10-11-2023

പരാമർശം:-
1. സ.ഉ. (സാധാ) നം.1693/2023/ആകുവ തീയതി 13-07-2023
2. ഡോ. മണികണ്ഠൻ എ.വി സമർപ്പിച്ച 15.07.2023 തീയതിയിലെ അപ്പീൽ പരാതി
3. ഡോ. മണികണ്ഠൻ എ.വി ഫയൽ ചെയ്ത O.A (EKM) 1198/2023ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.07.2023-ലെ വിധിന്യായം
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.09.2023, 18.10.2023 എന്നീ തീയതികളിലെ ഇ.എ2-5690/2023/ആവഡ നമ്പർ കത്തുകൾ

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ 2023-ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി പരാമർശ ഉത്തരവ് പ്രകാരം കുന്നംകുളം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. മണികണ്ഠൻ എ.വി-യെ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറായി നിയമനം നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ ഡോ. മണികണ്ഠൻ എ.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ O.A (EKM) 1198/2023 ഫയൽ ചെയ്യുകയുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3)-ലെ വിധിന്യായത്തിൽ, ഡോ. മണികണ്ഠൻ എ.വി സമർപ്പിച്ച പുനപരിശോധനാ ഹർജിയിന്മേൽ, ഒരു മാസത്തിനകം അപേക്ഷകനെയും എതിർകക്ഷികളെയും നേരിൽ കേട്ടശേഷം അന്തിമ തീരുമാനമെടുക്കാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി O.A (EKM) 1198/2023 തീർപ്പാക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, ആരോഗ്യ വകുപ്പ് അണ്ടർസെക്രട്ടറി 10.08.2023-ന് അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി.

2. നേരിൽ കേട്ട വേളയിൽ, പട്ടിക ജാതി വിഭാഗത്തിൽ പെട്ട ഉദ്യോഗസ്ഥൻ ആയതിനാൽ 5 വർഷം ഒരു സ്റ്റേഷനിൽ തുടരാൻ അർഹത ഉണ്ടെന്നും ഭാര്യ തൃശ്ശൂർ ജില്ലയിലാണ് ജോലി ചെയ്യുന്നത് എന്നും ഇരട്ട പെൺകുട്ടികൾ ആണെന്നും മാതാ പിതാക്കൾ പ്രയമായവരാണ് എന്നും കണക്കിലെടുത്ത് നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിക്കണമെന്നും ഡോ. മണികണ്ഠൻ എ.വി അറിയിക്കുകയുണ്ടായി. ഒപ്പം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ തുടരുന്ന ഡോ. കാവ്യ കരുണാകരൻ തന്നെക്കാൾ സർവ്വീസ് ജൂനിയർ ആണെന്നും അതിനാൽ തന്നെ ജില്ലയ്ക്ക് പുറത്തേയ്ക്ക് മാറ്റപ്പെടുന്നു എങ്കിൽ ടിയാൾ ആയിരുന്നു

മാറ്റപ്പെടേണ്ടതെന്നും അറിയിക്കുകയുണ്ടായി. 25.06.2013 മുതൽ മാതൃ ജില്ലയായ തൃശ്ശൂരിന് പുറത്ത് ജോലി ചെയ്ത് വരുന്നുവെന്നും തൃശ്ശൂർ നഗര പരിസരത്ത് താമസിക്കുന്നതിനാലും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാലും ഇനി മൂന്ന് വർഷത്തോളമേ സർവ്വീസ് ഉള്ളൂ എന്നതിനാലും തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ തന്നെ നിയമനം നൽകണമെന്നും O.A (EKM) 1198/2023-ലെ 4-ാം എതിർകക്ഷിയായ ഡോ. ഫ്ലെമി ജോസ് അറിയിക്കുകയുണ്ടായി.

3. ഡോ മണികണ്ഠൻ എ വി കുന്നംകുളം താലൂക്ക് ആശുപത്രിയിൽ 12.03.2019 മുതൽ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ തുടർന്ന് വരികയായിരുന്നു എന്നും അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പ്രസ്തുത ആശുപത്രിയിൽ തന്നെ സേവനത്തിൽ തുടരാൻ അനുവദിച്ചിരുന്നതാണെന്നും എന്നാൽ പൊതു സ്ഥലം മാറ്റ സമയത്ത് രണ്ട് കേഡറിലുമായി ഒരേ സ്റ്റേഷനിൽ മൂന്ന് വർഷത്തിൽ അധികം ആയതിനാലാണ് ടിയാനെ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റാൻ ശിപാർശ സമർപ്പിച്ചതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 15.05.2009 തീയതിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ Community Health Centre, Chalissery-ൽ ജോലിയിൽ പ്രവേശിച്ച ഡോ. മണികണ്ഠൻ എ വി 16.06.2016 വരെ i.e., 5 വർഷത്തിൽ കൂടുതൽ, പ്രസ്തുത സ്ഥാപനത്തിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതിനാൽ SC/ST ട്രാൻസ്ഫർ പ്രിഫെറൻസ് സർവീസിൽ ഒരു തവണ ലഭിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഡോ ഫ്ലമി ജോസിന്റെ അപേക്ഷ പരിഗണിച്ച് ടിയാൾക്ക് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ നിയമനം നൽകാവുന്നതും അതേ സ്റ്റേഷനിൽ തുടരുന്ന ഡോ. കാവ്യ കരുണാകരനെ കുന്നംകുളം താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലം മാറ്റാവുന്നതുമാണെന്നും ഡോ മണികണ്ഠൻ എ.വി-യുടെ നിലവിലെ സ്ഥലം മാറ്റം സ്ഥിരപ്പെടുത്താവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയുടെയും നേരിൽ കേട്ട വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ , ഡോ മണികണ്ഠൻ എ.വി-യ്ക്ക് തൃശ്ശൂർ ജില്ലയിൽ ഇനി വരുന്ന ഒഴിവിൽ ടിയാളുടെ അർഹതയ്ക്ക് അനുസരിച്ച് നിയമനം നൽകുന്നതിനുള്ള ശിപാർശ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട്, നിലവിൽ പരാമർശ ഉത്തരവ് പ്രകാരം കുന്നംകുളം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. മണികണ്ഠൻ എ.വി-യെ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറായി സ്ഥലം മാറ്റിയ നടപടി സ്ഥിരപ്പെടുത്തി, ടിയാളുടെ പുനപരിശോധനാ ഹർജി നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു. 25.06.2013 മുതൽ മാതൃ ജില്ലയായ തൃശ്ശൂരിന് പുറത്ത് ജോലി ചെയ്ത് വരുന്നഡോ ഫ്ലമി ജോസ്-ന്റെ ദീർഘ കാല ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ചും ആരോഗ്യ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ടിയാളെ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ (ഡോ കാവ്യ കരുണാകരനെ സ്ഥലം മാറ്റുന്ന ഒഴിവിൽ) നിയമനം നൽകിയും സ്ഥലം മാറ്റുന്ന ഡോ കാവ്യ കരുണാകരന് വനിത ഉദ്യോഗസ്ഥ എന്ന പരിഗണന കൂടി നൽകിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും കുന്നംകുളം താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ (ഡോ ഫ്ലമി ജോസിനെ സ്ഥലം മാറ്റുന്ന ഒഴിവിൽ) നിയമനം നൽകിയും ഉത്തരവാകുന്നു.

4. ഡോ. മണികണ്ഠൻ. എ.വി., അസിസ്റ്റന്റ് ഡയറക്ടർ ഫയൽ ചെയ്തO.A. (EKM) 1198/2023-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) വിധിന്യായം ഇതിനാൽ അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം) തൃശ്ശൂർ/ മലപ്പുറം

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

സ.ഉ.(സാധാ) നം.2979/2023/H&FWD

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 10-11-2023 14:14:16
സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-5690/2023/ആ.വ.ഡ തീയതി 13/11/2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി

GOVERNMENT OF KERALA

0381900